"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് പല്ലശ്ശന വി.ഐ.എം.എച്ച്.എസ്.ലെ എച്ച്.എസ്.ടി. (ഹിന്ദി) ശ്രീമതി. ലിഖിത.കെ. ഫയൽ ചെയ്ത WP(C) No.14869/2025 മേൽ ബഹു. ഹൈക്കോടതി യുടെ 10/04/2025 തീയതിയിലെ വിധിന്യായം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.4611/2026/GEDN തീയതി,തിരുവനന്തപുരം, 08-07-2026

---

പരാമർശം:-

1. പാലക്കാട് പല്ലശ്ശന വി.ഐ.എം.എച്ച്.എസ്.ലെ എച്ച്.എസ്.ടി. (ഹിന്ദി) ശ്രീമതി. ലിഖിത.കെ. 20/03/2025 തീയതിയിലെ പുനഃപരിശോധന ഹർജി(Ext.P5).
2. ബഹു. കേരള ഹൈക്കോടതിയുടെ W.P.(C) No. 14869/2025 മേലുള്ള 10/04/2025 തീയതി വിധിന്യായം.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 01/07/2025 തീയതിയിലെ ആർഎ1/8817/2025/ഡി.ജി.ഇ , 14-04-2026 തീയതിയിലെ ഇഎം1/6118/2026/ഡി.ജി.ഇ. നമ്പർ കത്തുകൾ
4. പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 10/07/2025 തീയതിയിലെ DDEPKD/2035/2025-B4 നമ്പർ കത്ത്.
5. പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 01/04/2026 തീയതിയിലെ DEOPKD/1785/2024-B2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട് പല്ലശ്ശന വി.ഐ.എം.എച്ച്.എസ്.ലെ എച്ച്.എസ്.ടി. (ഹിന്ദി) ശ്രീമതി. ലിഖിത.കെ. ഫയൽ ചെയ്ത **WP(C) No.14869/2025** മേൽ ബഹു. ഹൈക്കോടതി യുടെ **10/04/2025** തീയതിയിലെ വിധിന്യായം പ്രകാരം, ടി സ്കൂളിൽ **2022-23, 2023-24** അധ്യയന വർഷങ്ങളിൽ അധിക ഡിവിഷൻ തസ്തിക അനുവദിച്ച് ടിയാളുടെ നിയമനം അംഗീകരിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച പരാമർശം **(1)** പുനഃപരിശോധന ഹർജിയിൽ **01.04.2026** തീയതിയിൽ ബന്ധപ്പെട്ട കക്ഷികളുടെ വാദം കേട്ടു.

**2. ഹർജിക്കാരി താഴെപ്പറയും പ്രകാരം കാര്യങ്ങൾ ബോധിപ്പിച്ചു :**

i. വി.ഐ.എം ഹയർ സെക്കൻഡറി സ്കൂളിലെ ഹൈസ്കൂൾ ടീച്ചർ (ഹിന്ദി)

തസ്തികയിൽ നിന്നും **31.03.2019** ന് വിരമിച്ച ശ്രീമതി കെ.കെ വിജയലക്ഷ്മിയുടെ ഒഴിവിലേക്കാണ് **2019-2020** അധ്യയന വർഷം **06.06.2019** ന് ടിയാളെ നിയമിച്ചത്. ടിയാളെ നിയമിച്ചത് റിട്ടയർമെന്റ് മൂലമുള്ള സ്ഥിരം ഒഴിവിലാണ്.

ii. ഹിന്ദി അദ്ധ്യാപക ഒഴിവ് സംബന്ധിച്ച് പത്ര മാദ്ധ്യമങ്ങളിൽ പരസ്യം കണ്ടാണ് ടിയാൾ അപേക്ഷിച്ചത്.

iii. **2019-2020** അധ്യയനവർഷം ആറാം പ്രവർത്തി ദിവസം കഴിഞ്ഞതിനുശേഷം ഒരു വിദ്യാർത്ഥി എട്ടാം ക്ലാസിൽ നിന്നും **TC** വാങ്ങി പോയതിനാൽ വീണ്ടും തസ്തിക നിർണ്ണയത്തിൽ നിന്നും മാറ്റം വരുത്തിയതിനാലാണ് ഒരു ഡിവിഷൻ നഷ്ടപ്പെടാനും, ടിയാൾക്ക് നിയമനംഗീകാരം ലഭിക്കാതെ പോയതും.

iv. **2020-2021, 2021-2022** വർഷങ്ങളിൽ എട്ടാം ക്ലാസിൽ നാല് ഡിവിഷനുകൾ ഉണ്ടായിരുന്നുവെങ്കിലും കോവിഡ് **19** കാലഘട്ടമായതിനാൽ തസ്തിക നിർണ്ണയം നടന്നിരുന്നില്ല.

v. **2022-2023, 2023-2024, 2024-2025** വർഷങ്ങളിൽ എട്ടാം ക്ലാസിൽ നാല് ഡിവിഷനുകൾ ഉൾപ്പെടെ ഹൈസ്കൂൾ വിഭാഗത്തിൽ ആകെ **10** ഡിവിഷനുകൾ ഉണ്ടായിരുന്നതിനാൽ **2020-2021** മുതൽ തുടർച്ചയായി മതിയായ ഡിവിഷനുകൾ ഉള്ളതിനാൽ **06.06.2019** മുതൽ തന്നെ ഹൈസ്കൂൾ ഹിന്ദി നിയമനാംഗീകാരത്തിന് അർഹതയുണ്ട്.

vi. ഒരിക്കൽ ഡിവിഷൻ നഷ്ടപ്പെട്ട് നിയമനാംഗീകാരം ലഭിക്കാതെ പോയതിനാൽ മതിയായ ഡിവിഷനുകൾ ഉണ്ടായിട്ടും വ്യവസ്ഥാപിതമായി ഒഴിവുണ്ടായിട്ടും സർക്കാർ അനുമതി ഇല്ലാത്തതിനാൽ നിയമനാംഗീകാരം ലഭിച്ചില്ല.

vii. **2024-25** അദ്ധ്യയന വർഷത്തിലെ തസ്ത്ിക നിർണ്ണയത്തിലും ഹൈസ്കൂൾ (ഹിന്ദി) അധ്യാപിക തസ്തികയിൽ നിയമന അംഗീകാരം തുടരാൻ മതിയായ ഡിവിഷൻ ഉണ്ട്.

viii. ബഹു. കേരള സർക്കാരിൻ്റെ **13.03.2026** ലെ മന്ത്രിസഭാ തീരുമാനത്തിന്റെ വെളിച്ചത്തിൽ **2015** മുതൽ **2021** വരെയുള്ള കാലയളവിൽ മതിയായ കുട്ടികളുടെ അഭാവത്തിൽ ഡിവിഷൻ നഷ്ടപ്പെടുന്ന അദ്ധ്യാപകർക്ക് സംരക്ഷണം നൽകാനുള്ള സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം അനുഭാവപൂർവ്വം പരിഗണിക്കണം എന്ന് അപേക്ഷിക്കുന്നു.

ix. നിലവിൽ വി.ഐ.എം. ഹയർ സെക്കൻഡറി സ്കൂൾ പല്ലശ്ശനയിൽ ഹൈസ്കൂൾ വിഭാഗത്തിൽ രണ്ട് ഹിന്ദി അദ്ധ്യാപകർ ഉള്ളതിനാൽ ശ്രീമതി. കെ.ലിഖിത രണ്ടാമത്തെ ആളായിട്ടാണ് തുടരുന്നത്. ആയതിനാൽ **2019 - 2020** മുതൽ തുടർച്ചയായി ജോലി ചെയ്തുവരുന്ന ശ്രീമതി കെ. ലിഖിതയ്ക്ക് മതിയായ ഡിവിഷനുകളും വ്യവസ്ഥാപിതമായ ഒഴിവുകളും

ഉള്ളതിനാൽ നിയമനാംഗീകാരത്തിന് അർഹതയുണ്ട്.

**3. പൊതുവിദ്യാഭ്യാസ ഓഫീസർമാരുടെ വാദം ഇപ്രകാരമായിരുന്നു:**

പല്ലശ്ശന വി.ഐ.എം.ഹൈസ്കൂളിലെ എച്ച്.എസ്.ടി.(ഹിന്ദി) അദ്ധ്യാപികയായ ശ്രീമതി കെ.കെ. ജയലക്ഷ്മി **31.03.2019** നു സേവനത്തിൽ നിന്നും വിരമിച്ചതിനാൽ സംജാതമായ ഒഴിവിലേക്ക്, ശ്രീമതി കെ. ലിഖിതയെ **06.06.2019** മുതൽ മാനേജർ നിയമനം നൽകി. എച്ച്.എസ്.ടി (ഹിന്ദി) തസ്തികയിൽ വ്യവസ്ഥാപിത ഒഴിവ് ഇല്ലാത്തതിനാലും ജെനുവിനെസ്സ് സർട്ടിഫിക്കറ്റ്, പൂർണമായി പൂരിപ്പിച്ച ചേഞ്ച് ഓഫ് സ്റ്റേറ്റ്മെൻ്റ്, നിയമന തീയതിയിലെ മെഡിക്കൽ സർട്ടിഫിക്കറ്റ്, കെ-ടെറ്റ് സർട്ടിഫിക്കറ്റ് എന്നിവ സമർപ്പിക്കാത്തതിനാലും ടി നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു. പല്ലശ്ശന വി.ഐ.എം.ഹൈസ്കൂളിലെ **2022-23** അദ്ധ്യയന വർഷത്തിലെ എച്ച് എസ് ടി (ഹിന്ദി) അധിക തസ്തികയിലേക്ക് ശ്രീമതി ലിഖിത കെ യെ **01.06.2022** മുതൽ നിയമനം നൽകി.

**1. 10/08/2022** തീയതിയിലെ ബഹു കേരള ഹൈക്കോടതിയുടെ **19808/2021** വിധിന്യായമനുസരിച്ചു എയിഡഡ് സ്കൂളിലെ നിയമനങ്ങളിൽ ഭിന്നശേഷിക്കാർക്കുള്ള സംവരണം പാലിച്ചിട്ടില്ല. കൂടാതെ ഭിന്നശേഷി സംവരണം സംബന്ധിച്ച് **25.06.2022** തീയതിയിലെ സർക്കാർ ഉത്തരവ് (കൈ) **111/2022/GEDN** ലെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടില്ല.

**2. 2022-23** വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം ടി സ്കൂളിന് ഒരു അധിക എച്ച് എസ് ടി (ഹിന്ദി ) തസ്തിക ലഭിക്കുന്നതിനുള്ള സാദ്ധ്യതയുണ്ട്. അധിക ഡിവിഷന് സാധ്യതയുള്ള തസ്തികയിൽ ആയതു ഹയർ ലെവൽ വെരിഫിക്കേഷനിലൂടെ അംഗീകരിക്കുന്നത് വരെ ദിവസവേതന അടിസ്ഥാനത്തിൽ നിയമനം നടത്തുവാനാണ് **08/06/2022** ലെ **GO(MS)102/2022** ഉത്തരവിലെ നിർദ്ദേശം.

**3.** നിയമന തീയതിയിൽ വ്യവസ്ഥാപിതമായ തസ്തികയോ / ഒഴിവോ ഇല്ല

**4.** മദ്രാസ് ദക്ഷിണ ഭാരത് ഹിന്ദി പ്രചാര സഭ നടത്തുന്ന ഹിന്ദി പ്രവീൺ, ശിക്ഷ സ്നാതക് കോഴ്സ് ആണ് പാസ്സായിരിക്കുന്നത്. ആയതിനാൽ **Genuineness Certificate** ആവശ്യമാണ്.

**5.** കെ.ടെറ്റ് സർട്ടിഫിക്കറ്റിന്റെ കോപ്പി ഉൾപ്പെടുത്തിയിട്ടില്ല.

**6.** ഭിന്നശേഷി സംവരണം സംബന്ധിച്ച രജിസ്റ്റർ സമർപ്പിച്ചിട്ടില്ല.

തുടങ്ങിയ അപാകതകൾ ഉള്ളതിനാൽ പ്രസ്തുത നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ച് ഉത്തരവായി. ആയതിനെതിരെ മാനേജർ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സമർപ്പിച്ച അപ്പീൽ നിരസിച്ചു.

**2022-23** വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം ടി സ്കൂളിന് ഒരു അധിക എച്ച് എസ് ടി (ഹിന്ദി) തസ്തിക ലഭിക്കുന്നതിനുള്ള അർഹതയുണ്ടായിരുന്നു. ആയതു **2023-24** സർക്കാരിലേക്ക് ശുപാർശ ചെയ്തിരുന്നുവെങ്കിലും അനുവദിച്ചിട്ടില്ല. വർഷത്തിലെ തസ്തിക നിർണ്ണയ ഉത്തരവിൽ ഒരു എച്ച് എസ് ടി (ഹിന്ദി ) തസ്തികയായി കുറയുകയുണ്ടായി. **2024-25** വർഷത്തിലെ നിർണ്ണയ ഉത്തരവ് പ്രകാരം ഒരു അധിക എച്ച് എസ് ടി (ഹിന്ദി) വരുന്നുണ്ട്. **2025-26** വർഷത്തിലെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം **2** എച്ച് എസ് ടി ഹിന്ദി തസ്തിക അനുവദിച്ചു നൽകിയിട്ടുണ്ട്. പ്രസ്തുത തസ്തികയിൽ ശ്രീ. ഭവകുമാർ ആർ., ശ്രീമതി ലിഖിത കെ. എന്നിവർ (നിയമനാംഗീകാരം ഇല്ലാതെ) ജോലി ചെയ്തു വരുന്നു.

മേൽ സാഹചര്യത്തിൽ വ്യവസ്ഥാപിതമായ എച്ച് എസ് ടി (ഹിന്ദി) തസ്തിക നിലവിലില്ലാത്തതിനാലും, കെ.ഇ.ആർ. അദ്ധ്യായം **21** ചട്ടം **7(2)** പ്രകാരം അധിക തസ്തികയിലെ സ്ഥിര നിയമനങ്ങൾ **1:1** അനുപാതത്തിലായിരിക്കണം എന്ന വ്യവസ്ഥ പാലിക്കേണ്ടതിനാലും ശ്രീമതി. ലിഖിത കെ. യുടെ **01.06.2022** മുതലുള്ള എച്ച്.എസ്.ടി. (ഹിന്ദി) തസ്തികയിലെ നിയമനം പരിഗണനാർഹമല്ല എന്ന് വിദ്യാഭ്യാസ ഓഫീസർ അറിയിച്ചിട്ടുണ്ട്.

**4** സർക്കാർ, ഈ വിഷയം, ഹർജിക്കാരന്റെ വാദം, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലെ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു.

പല്ലശ്ശന വി.ഐ.എം ഹൈസ്കൂളിലെ എച്ച്.എസ്.എ (ഹിന്ദി) അദ്ധ്യാപിക ശ്രീമതി.കെ.കെ ജയലക്ഷ്മി **31.03.2019** ന് വിരമിച്ച ഒഴിവിൽ ശ്രീമതി.കെ. ലിഖിത യെ എച്ച്.എസ്.ടി (ഹിന്ദി) തസ്തികയിൽ **06.06.2019** മാനേജർ നിയമിക്കുകയും ടി നിയമനം ടി തസ്തികയിൽ വ്യവസ്ഥാപിത ഒഴിവ് ഇല്ലാത്തതിനാലും പൂർണമായ നിയമന രേഖകൾ സമർപ്പിക്കാത്തതിനാലും നിരസിക്കപ്പെട്ടു.

**2018-19** വർഷത്തിലെ തസ്തിക നിർണ്ണയ ഉത്തരവിൽ **2** എച്ച്.എസ്.ടി(ഹിന്ദി) തസ്തികകൾ അനുവദിച്ചിരുന്നു. എന്നാൽ **2019-20** വർഷത്തിലെ തസ്തിക നിർണ്ണയ ഉത്തരവിൽ ഒരു എച്ച്.എസ്.ടി(ഹിന്ദി) തസ്തികയായി കുറയുകയുണ്ടായി. **2019-20** വർഷത്തെ തസ്തികനിർണ്ണയം

തന്നെയാണ് **2020-21, 2021-22** വർഷങ്ങളിൽ പ്രാബല്യത്തിലുള്ളത് എന്നതിനാൽ ടി വർഷങ്ങളിലും ഒരു എച്ച്.എസ്.ടി(ഹിന്ദി) തസ്തിക തന്നെയായിരുന്നു ഉള്ളത്. തുടർന്ന് പല്ലശ്ശന വി.ഐ.എം.ഹൈസ്ക്കൂളിലെ **2022-23** അദ്ധ്യയന വർഷത്തെ എച്ച്.എസ്.ടി(ഹിന്ദി) അധിക തസ്തികയിലേക്ക്, ശ്രീമതി.ലിഖിത.കെ യെ **01.06.2022** മുതൽ മാനേജർ നിയമിച്ചു. ടി നിയമനം ഭിന്നശേഷി സംവരണ ചട്ടം പാലിച്ചുകൊണ്ട് മാത്രമേ നിയമനം പരിഗണിക്കാൻ നിർവാഹമുള്ളൂ. അധിക ഡിവിഷന് സാധ്യതയുള്ള തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുവാനാണ് **08/06/2022** ലെ **GO(MS) 102/2022** ഉത്തരവിലെ നിർദ്ദേശം. അധിക തസ്തികയിലെ സ്ഥിരനിയമനങ്ങൾ **1 : 1** അനുപാതത്തിലായിരിക്കണം എന്നതുൾപ്പെടെയുള്ള കാരണത്താൽ നിരസിച്ചു. തസ്തിക നിർണയ പ്രകാരം **2023-24** വർഷത്തിൽ എച്ച്.എസ്.ടി (ഹിന്ദി) തസ്തിക അധികമായി വന്നിട്ടില്ല. എന്നാൽ **2024-25** വർഷത്തിൽ എച്ച്.എസ്.ടി (ഹിന്ദി) അധിക തസ്തിക അനുവദിച്ചിട്ടുണ്ട്.

**2022-23** ജില്ലാ വിദ്യാഭ്യാസ ഓഫീസർ സ്കൂൾ സന്ദർശിക്കുകയും എച്ച്.എസ്.ടി (ഹിന്ദി) തസ്തിക ശുപാർശ ചെയ്തു. തുടർന്ന് വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഹയർ ലെവൽ വെരിഫിക്കേഷനിൽ അടിസ്ഥാന സാഹചര്യങ്ങളുടെ അപര്യാപ്തതമൂലം അധിക ഡിവിഷൻ ശുപാർശ ചെയ്തിരുന്നില്ല. ഹർജിക്കാരിയുടെ അധിക തസ്തികയിലുള്ള നിയമനം **01.06.2022** മുതലാണ്. **2019-20** വർഷം മുതൽ **2023-24** വർഷം വരെ നിയമിതയെ ഉൾക്കൊള്ളുന്നതിനാവശ്യമായ തസ്തിക ലഭ്യമല്ല. **2024-25** വർഷത്തിൽ അധികതസ്തികയായി രണ്ടാമത്തെ എച്ച്.എസ്.ടി. (ഹിന്ദി) തസ്തിക അനുവദിച്ചെങ്കിലും ഇതിൽ **1:1** അനുപാതത്തിൽ സംരക്ഷിത അധ്യാപക നിയമന വ്യവസ്ഥ പാലിക്കേണ്ടതുണ്ട്. അധിക തസ്തികയിൽ സംരക്ഷിത അധ്യാപകനെ മാനേജർ നിയമിക്കാൻ തയ്യാറാവുന്ന മുറക്ക് മാത്രമേ നിയമനം പരിഗണിക്കാനാവൂ എന്നും പൊതു വിദ്യാഭ്യാസ ഉപഡയറക്ടർ അറിയിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ **06.06.2019** മുതൽ **31.05.2024** വരെയുള്ള കാലയളവിൽ സ്കൂളിൽ നിയമപരമായി അനുവദിക്കപ്പെട്ട രണ്ടാമതൊരു ഹിന്ദി തസ്തിക ഇല്ലാതിരുന്നതിനാൽ ഈ കാലയളവിലേക്ക് നിയമനാംഗീകാരം എന്ന ഹർജിയിലെ ആവശ്യം പരിഗണിക്കാൻ കഴിയില്ല. **2024-25** അധിക തസ്തിക അനുവദിക്കപ്പെട്ടിട്ടുള്ളതിനാൽ മാനേജർ സ്കൂളിൽ **1:1** അനുപാതത്തിൽ സംരക്ഷിത അധ്യാപകനെ നിയമിക്കാൻ തസ്തിക വിട്ടു നൽകുന്ന മുറയ്ക്ക്, മറ്റെല്ലാ വിധത്തിലും ക്രമപ്രകാരമെങ്കിൽ, ഭിന്നശേഷി സംബന്ധമായ നിയമത്തിന് വിധേയമായി ശ്രീമതി. ലിഖിതയുടെ പല്ലശ്ശന വി.ഐ.എം. ഹൈസ്കൂളിലെ എച്ച്.എസ്.ടി. (ഹിന്ദി) **2024-25** അധിക തസ്തികയിലെ നിയമനം അംഗീകരിക്കാൻ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദേശം

നൽകി പരാമർശം (1) (EXT P5) റിവിഷൻ ഹർജി തീർപ്പാക്കി, അപ്രകാരം പരാമർശം (2) വിധിന്യായത്തിലെ നിർദേശം നടപ്പിൽ വരുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം(ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട്
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
ശ്രീമതി. ലിഖിത.കെ., എച്ച്.എസ്.ടി. (ഹിന്ദി), വി.ഐ.എം.എച്ച്.എസ്., പല്ലശ്ശന, പാലക്കാട്
മാനേജർ, വി.ഐ.എം.എച്ച്.എസ്., പല്ലശ്ശന, പാലക്കാട്
പൊതുവിദ്യാഭ്യാസ (ജെ.എ.) വകുപ്പ് (GE-JA3/348/2026-G.EDN dated: 03.07.2026)
വിവര പൊതുജന സമ്പർക്ക ( വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by Ragasmitha V M
Date: 08-07-2026 18:55:05
സെക്ഷൻ ഓഫീസർ